# നീരയും വിവാദങ്ങളും

**നീരയുടെ ഉത്പാദനം കള്ളുവ്യവസായത്തെ ബാധിക്കുമോ?**

ഒരിക്കിലും ഇല്ല. നീര സംസ്കരണം നടത്തി ഉണ്ടാക്കുന്ന ശീതളപാനീയം ലഹരി പാനീയമല്ല. അതു കൊണ്ട് തന്നെ നിലവിലുള്ള കള്ള് വ്യവസായത്തെ ബാധിക്കുകയില്ല. കൂടാതെ രണ്ടു ഉൽപന്നത്തിന്റെയും ഉപഭോക്താക്കൾ ഒന്നല്ല.

**നീര ചെത്തുവാൻ അനുവാദം നൽകുന്നതിനെ ഭയപ്പെടുന്നത് ആര്?**

നീര ചെത്തി വ്യവസായികാടിസ്ഥാനത്തിൽ ശീതള പാനീയമുണ്ടാക്കിയാൽ ഏറ്റവും കൂടുതൽ ദോഷം ചെയ്യുന്നത് കോക്കോകോളാ, പെപ്സി, എന്നീ കമ്പനികളെയും ഉപോൽപന്നങ്ങൾ ഉണ്ടാക്കുമ്പോൾ ഹോർലിക്സ്, ബൂസ്റ്റ് എന്നിവ ഉണ്ടാക്കുന്ന കമ്പനികളെയും ആയിരിക്കും. ഇത്തരം കമ്പനികൾ ഉണ്ടാക്കുന്ന പാനീയങ്ങളിലും, ഉൽപന്നങ്ങളിലും വിഷാംശം ഉള്ളതിനാലും നീര പ്രകൃതിദത്ത ഉൽപന്നമായതിനാലും കേരളത്തിന്റെ സ്വന്തം ഉൽപന്നമായതിനാലും വിപണന സാധ്യത അധികമാണ്.ഇത്തരം കമ്പനികൾ മാറി മാറി വരുന്ന സർക്കാരുകളിൽ ചെലുത്തുന്ന സ്വാധീനമാണ് കർഷകർക്ക് നീര ചെത്തുവാൻ അനുവാദം നൽകാത്തതെന്ന് കർഷകൻ സംശയിച്ചാൽ അതിനെ തെറ്റുപറയാൻ പറ്റില്ല.

**കള്ളിന് വേണ്ടി തെങ്ങു ചെത്തുന്ന തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയില്ലേ?**

തെങ്ങ് ചെത്ത് തൊഴിലാളികൾക്ക് ഒരിക്കിലും തൊഴിൽ നഷ്ടപ്പെടുകയില്ല. നീര ചെത്തുവാൻ അനുവദിക്കുമ്പോൾ ചെത്തുന്ന തെങ്ങുകളുടെ എണ്ണം ഭീമമായി കൂടുകയാണ് ചെയ്യുക. അപ്പോൾ എങ്ങനെയാണ് തൊഴിൽ നഷ്ടപ്പെടുന്നത്. ഇവർക്ക് കൂടുതൽ വരുമാനം ലഭിക്കുന്ന തെങ്ങു ചെത്തു തൊഴിലാളികളുടെ പരിശീലകൻ ആകുവാനുള്ള അവസരമാണ് ലഭിക്കുക. ഇവർക്ക് തൊഴിൽ നഷ്ടമാകുമെന്ന വ്യാജപ്രചരണം നടത്തുന്നതിന് പിന്നിൽ ചില ട്രേഡ് യൂണിയൻ നേതാക്കൾ മാത്രമാണുള്ളത്. അങ്ങനെ പ്രചരണം നടത്തുന്നതിൽ അവർക്ക് ചില അജണ്ടകൾ ഉണ്ടെന്ന് നാം മനസിലാക്കണം. കാരണം തൊഴിൽ അവസരങ്ങൾ വർദ്ധിക്കുമ്പോൾ തൊഴിൽ നഷ്ടപ്പെടുമെന്നു പറയുന്നതിലെ യുക്തി മലയാളികൾക്ക് മനസിലാക്കാവുന്നേതയുള്ളു.

**നീര ചെത്തുവാൻ അനുവദിച്ചാൽ സർക്കാരിന് എന്തുനേട്ടം?**

കേരളത്തെ ദൈവത്തിന്റെ സ്വന്തം നാട് എന്നു പറയുന്നുണ്ടെങ്കിലും ഇന്ന് കേരളം ആത്മഹത്യ ചെയ്യുന്ന കർഷക പ്രേതങ്ങളുടെ നാടായി മാറിക്കൊണ്ടിരിക്കുകയാണ്. പക്ഷെ നീര ചെത്തുവാൻ അനുവദിച്ചാൽ ഒരു തെങ്ങിന് പ്രതിദിനം 10 രൂപ വീതം 6 കോടി തെങ്ങിൽ നിന്ന് 6 മാസം കൊണ്ട് 10800 കോടി സർക്കാരിന് നികുതിയിനത്തിൽ തന്നെ ഉണ്ടാക്കുവാൻ കഴിയുന്നതാണ്. ഇത്രയും ഭീമമായ തുക നികുതിയിനത്തിൽ സർക്കാരിന് മറ്റൊരിടത്തും നിന്നും ലഭിക്കുകയില്ല. അതിന് പുറമെ നീരയുടെ വിവിധ ഉൽപന്നങ്ങളുടെ വിപണത്തിലൂടെ ലഭിക്കുന്ന വിൽപന്ന നികുതിയും അതിനു പുറമെ കയറ്റുമതിയിലൂടെ ലഭിക്കുന്ന വിദേശ നാണ്യവും സർക്കാരിന്റെ ഖജനാവിലേക്ക് എത്തുന്നു.

**നീരയ്ക്കു തൊഴിൽ അവസരങ്ങളും ഇത്രയും സാധ്യതകളും ഉണ്ടെങ്കിൽ എന്തുകൊണ്ട് സർക്കാരുകൾ നിഷേധാത്മക നിലപാടുകൾ സ്വീകരിക്കുന്നു?**

അതാണ് നീരയുടെ രാഷ്ട്രീയം.നമ്മുടെ അയൽ സംസ്ഥാനമായ കർണ്ണാടകത്തിൽ നീര ചെത്താൻ ആരംഭിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞു. പക്ഷെ കേരളമെന്ന പേരിനു പോലും കാരണമായ കേരത്തിന്റെ കാര്യത്തിൽ സർക്കാരുകൾ നിഷേധാത്മക നിലപാട് സ്വീകരിക്കുന്നതിന് പിന്നിൽ വ്യക്തമായ ചില അജണ്ടകൾ ഉണ്ട്. കേരളത്തിൽ ഒരു ദിവസം ചെത്തിയെടുക്കുന്ന കള്ളിന്റെ അളവും ഓരോ ദിവസവും ഷാപ്പിലൂടെ വിൽപന്ന നടത്തുന്നതിന്റെ അളവും തമ്മിൽ യാതൊരു ബന്ധവുമില്ല. ചെത്തിയെടുക്കുന്ന കള്ളിന്റെ എത്രയോ ഇരിട്ടിയാണ് ഒരു ദിവസം ഷാപ്പിലൂടെ വിറ്റഴിക്കപ്പെടുന്ന കള്ളിന്റെ അളവ്. ബഹുമാനപ്പെട്ട ഹൈക്കോടതിയും ഇതു തന്ന പറയുകയുണ്ടായി.

നിങ്ങളുടെ തൊട്ടടുത്ത കള്ളുഷാപ്പിന്റെ പരിധിയിൽ നിന്ന് ചെത്തിയെടുക്കുന്ന കള്ളിന്റെയും പ്രസ്തുത

ഷാപ്പിലൂടെ വിൽപന്ന നടത്തുന്ന കള്ളിന്റെയും അളവ് വിലയിരുത്തമ്പോൾ നിങ്ങൾക്ക് തന്നെ ബോധ്യപ്പെടാവുന്നതാണ്. ഇങ്ങനെ കള്ളുഷാപ്പിനകത്ത് അത്ഭുത ശക്തികൊണ്ട് ഉണ്ടാക്കി വിൽപന്ന നടത്തുന്ന കള്ളിന്റെ ലാഭത്തിന്റെ നിശ്ചിത വിഹിതം എല്ലാ മാസവും പലരുടെയും കീശയിലേക്കും പലസംഘടനകളുടെ അക്കൗണ്ടിലേക്കും എത്തുന്നതാണ് നീര വേണ്ട എന്ന മുറവിളിയുടെ പിന്നിലെ കാരണങ്ങൾ.

**കടപ്പാട് - ഹരിത സേന കോഴിക്കോട്**